# അക്കാദമിക
# മാസ്റ്റർപ്ലാൻ

## 2025 - 2026

ഗവ. എൽ. പി. എസ്
പൂവൻതുരുത്ത്

# ആമുഖം

കോട്ടയം ജില്ലയിലെ പനച്ചിക്കാട് പഞ്ചായത്തിൽ പൂവൻതുരുത്ത് കരയിൽ പരേതനായ പുളിക്കപ്പറമ്പിൽ പി.ഇ. മാധവൻ പിള്ളയുടെ വരാന്തയിൽ 1952-ൽ പൂവൻതുരുത്ത് ഗവ.എൽ.പി സ്കൂൾ പ്രവർത്തനമാരംഭിച്ചു. സ്കൂൾ രേഖകൾ അനുസരിച്ചും ആദ്യകാല അധ്യാപകരിൽ നിന്നും ലഭ്യമായ വിവരങ്ങളിൽ നിന്നും 1957-ൽ സർക്കാർ സ്കൂളായി പ്രവർത്തനം തുടങ്ങി. 79 സെന്റ് സ്ഥലത്താണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. സ്കൂളിന് നല്ലൊരു പ്ലേഗ്രൗണ്ട് ഉണ്ട്. 1996 മുതൽ ഒരു ഡിവിഷനുള്ള കുട്ടികൾ മാത്രമാണ് ഒന്നാം ക്ലാസ്സിൽ ചേർന്നിട്ടുള്ളത്. ഇപ്പോൾ നാല് അധ്യാപകരും ഒരു പി.ടി.മീനിയലും ഇവിടെ സേവനം അനുഷ്ഠിക്കുന്നു. കൂടാതെ ഒരു പാചകത്തൊഴിലാളിയും പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നേഴ്സറിയിൽ രണ്ടു പേരും ജോലി ചെയ്തു വരുന്നു. സ്കൂളിൽ തന്നെ പ്രവർത്തിക്കുന്ന പ്രീ പ്രൈമറിയിൽ നിന്നും സമീപ അംഗനവാടിയിൽ നിന്നും പുതിയ കുട്ടികൾ ഇവിടെ എത്തുന്നു. പൂർവ്വവിദ്യാർത്ഥി സംഘടനകൾ, സമീപത്തുള്ള വ്യവസായ പ്രമുഖർ, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് തുടങ്ങിയവരുടെ പിന്തുണയോടെ മികച്ച രീതിയിൽ സ്കൂളിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## പ്രതിസന്ധികൾ

സ്കൂളിനു ചുറ്റുവട്ടത്തായി പ്രവർത്തിക്കുന്ന എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകൾ അമിതമായ സ്വാധീനം ചെലുത്തി കുട്ടികളെ തങ്ങളുടെ സ്കൂളിലേക്ക് വശത്താക്കുന്നു.

## പരിമിതികൾ

* സ്കൂളിന് സ്വന്തമായി വാഹന സൗകര്യം ഇല്ലാത്തത്.
* ഹെഡ്മിസ്ട്രസ്സിനെ ക്ലാസ്സ് ചുമതലകളിൽ നിന്നും ഒഴിവാക്കാത്തത്
* പ്രീപ്രൈമറിക്ക് സൗകര്യപ്രദമായ ഒരു ക്ലാസ്സ് റൂം ഇല്ലാത്തത്.
* മികച്ച ഭൗതിക സാഹചര്യങ്ങളുടെ അഭാവം.

## നേട്ടങ്ങൾ

2024-25 അധ്യയന വർഷത്തിൽ കലാമേളയിലും പ്രവൃത്തിപരിചയ മേളയിലും കുട്ടികൾ മികവാർന്ന പ്രകടനം കാഴ്ച്ചവെച്ചു. A, B, C എന്നീ വിവിധ ഗ്രേഡുകൾ കുട്ടികൾ കരസ്ഥമാക്കുകയുണ്ടായി. പനയോല ഉല്പന്നത്തിൽ 2nd A grade. ക്ലേ മോഡലിംഗിൽ 2nd A grade മെറ്റൽ എൻഗ്രേവിംഗിൽ 2nd A ഗ്രേഡ് എന്നീ സ്ഥാനങ്ങൾ ലഭിച്ചു. കലാമേളയിൽ നാടോടിനൃത്തത്തിന് A ഗ്രേഡ് ലഭിച്ചു. ഈ അധ്യയന വർഷത്തിൽ കുട്ടികളെ ദേശഭക്തിഗാന മത്സരത്തിൽ പങ്കെടുപ്പിച്ചു. A Grade ലഭിക്കുകയും ചെയ്തു.

# പ്രസിദ്ധരായ പൂർവ്വവിദ്യാർത്ഥികൾ

ഡെപ്യൂട്ടി കളക്ടർ മോൻസി. പി. അലക്സാണ്ടർ, CI അനീഷ് കോര, മുൻ പഞ്ചായത്ത് പ്രസിഡന്റ് PK മോഹനൻ, കുറിച്ചി ഹോമിയോ റിസർച്ച് സെന്റർ മുൻ ഡയറക്ടർ ഡോ ശ്രീധരക്കുറുപ്പ്, ചീഫ് മെഡിക്കൽ ഓഫീസർ ഡോ. പരമേശ്വരക്കുറുപ്പ് കർഷകസംഘം പ്രസിഡന്റ് P.K. കൃഷ്ണൻ, KSEB എക്സിക്യൂട്ടീവ് എഞ്ചിനീയർ ജയന്തി ചെല്ലപ്പൻ, ശ്രീ ബിനോയ് മണി (നവജ്യോതി ചാരിറ്റബിൾ ട്രസ്റ്റ് സാരഥി) എന്നിവർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ്.

## പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികളും അതതു ക്ലാസ്സിൽ നേടേണ്ട പഠനനേട്ടങ്ങൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്നു.
* കലാകായിക രംഗത്തെ കഴിവു കണ്ടെത്തി പരമാവധി പിന്തുണ നൽകി ഉന്നതതലത്തിൽ എത്തിക്കുക.
* അക്കാദമികവും സർഗാത്മകവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുക.
* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള

കഴിവ് ഉറപ്പുവരുത്തുന്നു.

* പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മറ്റെല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന പരിഗണന ഉറപ്പാക്കുന്നു. ഇവരുടെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന് ആവിഷ്ക്കരിക്കുന്നു.

* കുട്ടികളുടെ ഗുണമേന്മ, വിദ്യാഭ്യാസത്തിന് അനുഗുണമായ പഠന പരിസരവും ഭൗതിക പശ്ചാത്തലവും വികസിപ്പിക്കുക.

* ഹരിത പരിസര സൗന്ദര്യവത്ക്കരണം ഇവ ഉറപ്പാക്കുന്നു.

* കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുക.

* ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക.

* കുട്ടികളുടെ അഭിരുചിക്കനുസൃതമായി സ്കൂൾ ലൈബ്രറി വികസിപ്പിക്കുകയും. കുട്ടികൾക്ക് ബുക്കുകൾ യഥേഷ്ടം വായിക്കാൻ അവസരമൊരുക്കുകയും ചെയ്യുക.

* വ്യായാമത്തിലേർപ്പെട്ട് ശാരീരികവും മാനസികവുമായ ആരോഗ്യം നിലനിർത്തുവാൻ കുട്ടികളെ പ്രാപ്തരാക്കുക.

* സംഘപ്രവർത്തനങ്ങളിൽ ഏർപ്പെടുക വഴി സാമൂഹ്യനന്മയ്ക്കായ് കൈകോർക്കാൻ പര്യാപ്തരാക്കുക.

## നിലവിലെ അവസ്ഥ

### അധ്യാപകർ

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താത്കാലിക നിയമനങ്ങൾ | 3 വർഷത്തിൽ കൂടുതൽ ഉള്ള |
|---|---|---|---|---|
| എൽ.പി | 4 | 4 | | 3 |

### ഭൗതികാന്തരീക്ഷം

| വിഭാഗം | നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|---|
| അഡീഷണൽ ക്ലാസ്മുറി | ഇല്ല | 2 |
| ആൺകുട്ടികളുടെ ടോയ്‌ലറ്റ് | 1 | |
| പെൺകുട്ടികളുടെ ടോയ്‌ലറ്റ് | 1 | |
| കുടിവെള്ള സൗകര്യം | ഉണ്ട് | |
| ചുറ്റുമതിൽ | ഉണ്ട് | |
| കളിസ്ഥലം | ഉണ്ട് | |
| അടുക്കള | ഉണ്ട് | |
| സ്റ്റാഫ് റൂം | ഉണ്ട് | 1 |

കുട്ടികളുടെ എണ്ണം

| വർഷം | 18-19 | 19-20 | 20-21 | 21-22 | 22-23 | 23-24 | 24-25 | 25-26 |
|---|---|---|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | 51 | 61 | 67 | 71 | 67 | 69 | 61 | |

## വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ - നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലെ അവസ്ഥ |
|---|---|
| എസ്. ആർ. ജി | നിലവാരമുള്ള SRG - പഠനപ്രവർത്തനങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലും സജീവ പങ്കാളിത്തം |
| പി. ടി. എ | ശക്തമായ PTA, ദിനാചരണങ്ങൾ ആഘോഷങ്ങൾ എന്നിവയിൽ ശക്തമായ ഇടപെടൽ |
| എം. പി. ടി. എ | ഉച്ചഭക്ഷണ വിതരണം, ഓണാഘോഷം എന്നിവക്ക് നേതൃത്വം നൽകുന്നു. |
| എസ്. എം. സി | എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുക്കുന്നു. |
| എസ്. എസ്. ജി | ജനപ്രതിനിധികളുടേയും പഞ്ചായത്തിന്റെയും സഹായം ലഭ്യമാക്കുന്നതിനും വികസനഫണ്ട് കണ്ടെത്തുന്നതിനും സഹായിക്കുന്നു. |
| സ്കൂൾ വികസന സമിതി | നാനാവിധമായ സഹായത്തിന് നേതൃത്വം നൽകുന്നു. |
| ജാഗ്രത സമിതി | സുരക്ഷ സംവിധാനങ്ങളിൽ ഏർപ്പെടുന്നു. |

### ക്ലബ്ബ് പ്രവർത്തനങ്ങൾ

ഗണിത ക്ലബ്ബ് - സജീവമാണ്

സയൻസ് ക്ലബ്ബ് - പ്രവർത്തനങ്ങൾ നടക്കുന്നു.

ഗണിത ലാബ് - ഗണിത ക്വിസ്, കേളികൾ സംഘടിപ്പിക്കുന്നു.

കമ്പ്യൂട്ടർ ലാബ് - Laptop, Projector ഇവ ഉപയോഗപ്പെടുത്തി മികച്ച രീതിയിൽ പ്രവർത്തനം നടക്കുന്നു.

# അക്കാദമിക പ്രവർത്തനങ്ങൾ

ഭാഷ ഹ്രസ്വകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | വിലയിരുത്തലിനുള്ള സാമഗ്രികൾ | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | (STD-I – IV)<br>* Pre-test, വാക്യകാർഡ് | ജൂൺ | ചോദ്യപേപ്പർ<br>വായനാക്കുറിപ്പ് | Trs | SRG | |
| | * അക്ഷരം ഉറപ്പിക്കൽ | | അക്ഷരകാർഡ് | | PTA | |
| | * അടയാളം ഉറപ്പിക്കൽ | | | | | |
| | * അക്ഷരകാർഡ് | ജൂലൈ | അക്ഷരമാല ചാർട്ട് | HM | | |
| | * പദകാർഡ് | | | | | |
| | * വാക്യകാർഡ് | | | | | |
| | * സംയുക്ത ഡയറി | ആഗസ്റ്റ് | പദകാർഡുകൾ നിർമ്മിക്കുന്നു | Trs | SMC | |
| | * Readers Theatre | | | | | |
| | * രചനാ പരിചയക്കുറിപ്പ് | | | | | |
| | * കൂട്ടെഴുത്ത് | | | | | |
| | * സർഗാത്മക ഡയറി | | | | | |
| | * സചിത്ര പുസ്തകം. | | ചിത്രങ്ങൾ | | | |
| | * വാക്യനിർമ്മാണം | പഠന പ്രവർത്തനങ്ങൾക്കൊപ്പം | കഥാചാർട്ട് | Trs<br>മികച്ച കുട്ടികൾ | HM | |
| വായനയിൽ ഉന്നത നിലവാരം പുലർത്തുന്നതിന് | * അടിക്കുറിപ്പ് നൽകൽ | | | | | |
| | * കഥ എഴുതൽ | | | | | |
| | * കഥയുടെ ബാക്കി. | | | | | |
| | (വായനക്കൂട്ടം) പിന്നോക്കക്കാർക്കുമാത്രം | | അക്ഷരകാർഡ്<br>വായനകാർഡ് | മികച്ചതായ കുട്ടികൾ | PTA | |
| | കുട്ടിവായന – (I & II) | എല്ലാ ദിവസവും 1.30-1.45 | വീഡിയോ പാഠം | | | |
| | വായന വസന്തം (3, 4) | | | | | |
| | വായനക്കൂട്ടം (ക്ലാസ്സ്തലം) പിന്നോക്കക്കാരുടെ നില മെച്ചപ്പെടുത്തുന്നു.) | " | വായനാമൂല ക്ലാസ് പുസ്തകങ്ങൾ. | Trs<br>HM | SMC | |
| | * വായനമൂല സജ്ജീകരണം | | | | | |
| | * പുസ്തക പരിചയം | ജൂൺ വായനാവാരാചരണത്തോടനുബന്ധിച്ച് | | | | |
| | * പുസ്തകപ്രദർശനം (അസംബ്ലി, ബാലസഭ) | | | | | |
| | · ലൈബ്രറി സന്ദർശനം | | | | | |

## മധ്യമകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമഗ്രികൾ | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| കാർഷിക വൃത്തിയുടെ പ്രാധാന്യം തിരിച്ചറിയുക. | * സെപ്തംബർ 5 അധ്യാപക ദിനത്തോടനുബന്ധിച്ച് ആശംസാ കാർഡ് നിർമ്മാണം. | സെപ്തംബർ | ചാർട്ട് പേപ്പർ | Trs | HM PTA SMC | |
| | * പൂർവ്വ അധ്യാപകരുമായുള്ള അഭിമുഖ സംഭാഷണത്തിനുള്ള ചോദ്യാവലി തയ്യാറാക്കൽ | | | | | |
| | - ചിങ്ങം 1 കർഷക ദിനം കർഷകനുമായുള്ള അഭിമുഖ സംഭാഷണത്തിനുള്ള ചോദ്യങ്ങൾ തയ്യാറാക്കൽ | ആഗസ്ത് | | Trs | HM PTA SMC | |
| കേരളത്തെ അറിയുക | നവംബർ 1 കേരളപ്പിറവി | നവംബർ | | SRG | | |
| | * കേരളത്തിന്റെ വർണ്ണന തയ്യാറാക്കൽ കവിതാ രചന | പഠന പ്രവർത്തനങ്ങളോടനുബന്ധിച്ച്. | ചാർട്ട് ചിത്രങ്ങൾ കുറിപ്പുകൾ | Trs | | |
| | ചുമർപത്രിക തയ്യാറാക്കൽ | | | HM | | |
| | ജില്ലകളെ പരിചയപ്പെടുത്തൽ | | | Trs | | |
| | കേരളത്തിന്റെ ഭൂപട നിർമ്മാണം. | | | | | |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | വിലയിരുത്തലിനുള്ള സാമഗ്രികൾ | ചുമതല/ പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| ഗണിത ശേഷികൾ ഉറപ്പിക്കൽ | * Pre test<br>* സംഖ്യാബോധം ഉറപ്പിക്കൽ<br>* സംഖ്യാബന്ധങ്ങൾ കണ്ടെത്തുന്നു. | (ഹ്രസ്വകാലം)<br>ജൂൺ | സംഖ്യാകാർഡുകൾ<br>ചിത്രങ്ങൾ<br>മൂർത്ത വസ്തുക്കൾ | Trs<br>HM | |
| | • വലുത്/ചെറുത്<br>വലത് / ഇടത്<br>കൂടുതൽ/കുറവ്<br>മുകളിൽ /താഴെ<br>• ഗണിതപ്പെട്ടി | ജൂലൈ | | | |
| ഗണിതലാബ് സജ്ജമാക്കൽ | • സ്ഥാനവില<br>• സംഖ്യകളുടെ വില | ജൂലൈ | മുത്തുകൾ<br>അബാക്കസ്,<br>സ്ഥാനവില<br>പോക്കറ്റ്<br>മൂർത്തവസ്തുക്കൾ | Trs | |
| കുട്ടികളിൽ ഗണിത താത്പര്യം വർദ്ധിക്കുന്നു. | * ക്രിയകൾ<br>• പ്രശ്നപരിഹാരം<br>• ചതുഷ്ക്രിയകൾ ഉൾപ്പെട്ട പ്രശ്നങ്ങൾ<br>• ജ്യാമിതീയ രൂപം രൂപപ്പെടുത്തൽ | | ചാർട്ട് | SRG | |
| | * ICT സാധ്യത | | CD | SRG<br>HM<br>Trs | |

| പ്രവർത്തനങ്ങൾ | കാലം | വിലയിരുത്തുന്നതിനുള്ള സാമഗ്രികൾ | ചുമതല/ പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| * നിർമ്മാണ പ്രവർത്തനം<br>* ടാൻഗ്രാം<br>* അളവുപാത്രങ്ങൾ<br>* ക്ലോക്ക് നിർമ്മാണം<br>* കലണ്ടർ നിർമ്മാണം | പഠന പ്രവർത്തനങ്ങളോടൊപ്പം | ചാർട്ട് | | |
| · അത്തപ്പൂക്കളം ഡിസൈൻ നിറം നൽകൽ (Std I, II)<br>· പൂക്കളുടെ ഇതളുകളുടെ എണ്ണം (I, II) | ഓഗസ്റ്റ് സെപ്തംബർ | ചാർട്ട്<br>ചിത്രങ്ങൾ | SRG<br>HM<br>Tr | |
| | ദീർഘകാലം | | | |
| ജന്മദിന കലണ്ടർ<br>· കുട്ടികളുടെ ജന്മദിനം രേഖപ്പെടുത്തുന്നതിനു വേണ്ടി എല്ലാ ക്ലാസിലും കലണ്ടർ രൂപീകരിക്കുന്നു | ജൂൺ - മാർച്ച് | കലണ്ടർ<br>ചാർട്ട് | SRG<br>HM<br>Tr<br>SMC | |
| സമയം<br>ക്ലോക്ക് നിർമ്മാണം<br>പ്രശ്നാപഗ്രഥനം | പഠന പ്രവർത്തനങ്ങളോടൊപ്പം. | | | |
| അളവുകൾ<br>- വിവിധ അളവ്<br>- പാത്രങ്ങളുടെ നിർമ്മാണം<br>- തൂക്കക്കട്ടികളുടെ നിർമ്മാണം | പഠന പ്രവർത്തനങ്ങളോടൊപ്പം | എളുപ്പത്തിൽ ലഭിക്കുന്നതും ചെലവ് കുറഞ്ഞതുമായ സാമഗ്രികൾ | SRG<br>HM | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | വിലയിരുത്തലിനുള്ള സാമഗ്രികൾ | ചുമതല/ പിന്തുണ | സാമ്പത്തിക |
|---|---|---|---|---|---|
| | * മഴമാപിനി നിർമ്മാണം<br>* ഗണിത ക്ലബ്ബുകളുടെ രൂപീകരണം | ജൂൺ | | Trs<br><br>SRG | |
| | * ഗണിത മാസിക<br>* ഗണിത ശില്പശാല | ഫെബ്രുവരി | | HM | |
| | * ഗണിത മൂല സജ്ജമാക്കൽ<br>* ഗണിത കേളി | സെപ്റ്റംബർ | മഞ്ചാടി, കമ്പ്കട്<br>സംഖ്യാകാർഡ്<br>പട്ടിക<br>ചാർട്ട്<br>അബാക്കസ് | ക്ലബ്ബ് സെക്രട്ടറി<br>Trs<br>HM | |
| | | | ശാസ്ത്രജ്ഞന്റെ<br>ചിത്രങ്ങൾ<br>ഡോമിനോ<br>കാർഡ്<br>കുറിനോട്ടുകൾ<br>നാണയങ്ങൾ | SRG<br>HM<br>Trs. | |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | വിലയിരുത്തുന്നതിനുള്ള സാമഗ്രി | ചുമതല/ പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| പരിസ്ഥിതി സംരക്ഷണം | * പരിസ്ഥിതി ദിനാചരണം<br>· പ്ലക്കാർഡ് നിർമ്മാണം<br>· ക്വിസ് മത്സരം<br>- പ്രസംഗം<br>· ചിത്രരചന<br>· പൂന്തോട്ട നിർമ്മാണം<br>· വൃക്ഷത്തൈ നടീൽ<br>· പരിസരത്തുള്ള വൃക്ഷത്തൈകളെ പരിചയപ്പെടുത്തൽ (Std I, II)<br>· പരിസ്ഥിതി ദിന സന്ദേശം<br>· പരിസ്ഥിതിദിന ഗാനാലാപനം | ജൂൺ | | Trs<br>HM | |
| ശാസ്ത്രീയ ഉപകരണങ്ങൾ | · List തയ്യാറാക്കൽ<br>· തരം തിരിക്കൽ (പുസ്തകങ്ങൾ, പരീക്ഷണത്തിന്റെ സാമഗ്രികൾ)<br>ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ വാങ്ങൽ (തളിര്, യുറീക്ക) | ഒക്ടോബർ | | Trs<br>HM<br>BRC<br>SMC | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | വിലയിരുത്തുന്നതിനുള്ള സാമഗ്രികൾ | പിന്തുണ / ചുമതല. |
|---|---|---|---|---|
| ശാസ്ത്രവബോധം രക്ഷിതാക്കളിൽ ഉളവാക്കുന്നതിന് | · രക്ഷിതാക്കളെ പരിചയപ്പെടുത്തൽ | നവംബർ | | PTA SMC Trs |
| · കൃഷിയിടം സന്ദർശിച്ച് ആശയഗ്രഹണം നടത്തി ജീവിത സാഹചര്യങ്ങളിൽ പ്രായോഗികമാക്കുന്നതിന് | · ഫീൽഡ് ട്രിപ്പ് · കൃഷിസ്ഥലം സന്ദർശിക്കൽ. | ജനുവരി | | PTA SMC Trs |
| വ്യത്യസ്ത സാഹചര്യങ്ങൾ നിരീക്ഷിച്ച് ആശയഗ്രഹണം നടത്തുന്ന | · പഠനയാത്ര | ഡിസംബർ | | PTA SMC Trs. |

# ENGLISH

| Objectives | Activities | Date/month of Completion | Products for Evidence | Agent | Resourcing finance | |
|---|---|---|---|---|---|---|
| * All students get interested in Eng learning | * Classroom arrangement conductive to English learning | Always | | Teacher | SRG | |
| · All learners are able to associate the elicited text with those in the textbook | · Developing students profile and recording their current levels. | Once in a week | MEW | | | |
| | · Developing a baseline goal for assessment. | Daily | | | | |
| | · Intimating the SMCs about this years focus on English and Seeking support | Once in a month | My story books | SMC | | |
| · All learners respond to the questions of the tr | · Ensuring My English World to all learners. | | | | | |
| · All learners generate simple description | · Monitoring the development of all learners. | Always | Portfolio | SRG | | |
| | · provision of storybooks for home based reading | Once in a week | | SRG<br>SMC | | |
| | · writing shotnote on the books read. | | | | | |

# കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| കുട്ടികളുടെ കായിക ശേഷി വിദ്യാഭ്യാസം | അനുയോജ്യമായ ഇനങ്ങൾ ലിസ്റ്റ് ചെയ്യുന്നു. വിദഗ്ധരെ കണ്ടെത്തുന്നു. ആവശ്യമായ ഉപകരണങ്ങൾ ശേഖരിക്കുന്നു. Compound സജ്ജമാക്കുന്നു. | ആഗസ്റ്റ് മുതൽ | HM SRG | SSA SMC PTA ജനപ്രതിനിധികൾ |
| കുട്ടികളിലെ പ്രവൃത്തി പരിചയ മികവുകൾ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും. | കായിക ദിനാചരണം നടത്തുന്നു. യോഗ പരിശീലകരെ കണ്ടെത്തുന്നു. | | | |

## പ്രവൃത്തി പരിചയ വിദ്യാഭ്യാസം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| കുട്ടികളിലെ പ്രവൃത്തി പരിചയ മികവുകൾ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും | അഭിരുചിയുള്ള മേഖലകൾ ഇനങ്ങൾ ഇവ കണ്ടെത്തുന്നു. - പരിശീലകരെ കണ്ടെത്തുന്നു. - ശില്പശാല സംഘടിപ്പിക്കുന്നു. | ജനുവരി | SRG HM | SMC PTA |

# കലാ - കായിക - പ്രവൃത്തി പരിചയ വിദ്യാഭ്യാസം

## ദീർഘകാല പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തി |
|---|---|---|---|---|---|
| കലാ | വിദ്യാഭ്യാസം | | | | |
| കുട്ടികളിലെ കലാപരമായ ശേഷികൾ കണ്ടെത്തുക വികസിപ്പിക്കുക | • ഓരോ കുട്ടിയിലും അന്തർലീനമായിരിക്കുന്ന കഴിവുകൾ കണ്ടെത്തുന്നു. പരിശീലനം ലഭ്യമാക്കേണ്ട മേഖലകളും ഇനങ്ങളും പട്ടികപ്പെടുത്തുന്നു.<br>- നൃത്ത പരിശീലനം<br>- യോഗ പരിശീലനം<br>- നാടൻ പാട്ട്<br>- കവിത<br>- ക്ലാസ്സ് PTA യിൽ കുട്ടികളുടെ കലാപരിപാടികൾ അവതരണം.<br>- ബാലസഭയിൽ ദിനാചരണത്തോടനുബന്ധിച്ച്<br>- അസംബ്ലിയിൽ ദിനാചരണത്തോടനുബന്ധിച്ച്. | ഓഗസ്റ്റ് മുതൽ | HM<br>SRG | SMC<br>PTA | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

## ലക്ഷ്യങ്ങൾ

* കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കുന്നു.
* കുട്ടികളുടെ കായികശേഷി വികാസത്തിലൂടെ ആരോഗ്യ സംരക്ഷണം.
* സംഘബോധം വളർത്തുക
* നേതൃത്വപാടവം വികസിപ്പിക്കുക.

## പ്രവർത്തനങ്ങൾ

* ആഴ്ച്ചയിലൊരു ദിവസം കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നു.
* ലഘുവായ വ്യായാമങ്ങൾ കുട്ടികളെ അഭ്യസിപ്പിക്കുന്നു.
* മൈനർ ഗെയിമുകൾ പരിശീലിപ്പിക്കുന്നു.

# പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥി കൾക്കുള്ള ആസൂത്രണ രേഖ

## ലക്ഷ്യങ്ങൾ

* ഭിന്നശേഷി വിദ്യാർത്ഥികളുടെ ശാരീരിക പഠന പരിമിതികളെ മറികടന്ന് മുന്നേറുവാൻ പ്രാപ്തരാക്കുക.
* പഠനം ആകർഷകവും ആസ്വാദ്യകരവും ആക്കുക
* അവസരവും പങ്കാളിത്തവും ഉറപ്പാക്കുക

## പ്രവർത്തനങ്ങൾ

* ICT സാധ്യത ഉപയോഗിച്ച് രക്ഷിതാക്കൾക്ക് ബോധവത്ക്കരണം നടത്തി കുട്ടികളുടെ പഠനപ്രവർത്തനങ്ങളിൽ അവരെ സഹായിക്കുന്നു.
* ശാരീരിക പരിമിതിയുള്ളവർക്ക് പിയർ ടീച്ചേഴ്സ് ആയ കുട്ടികൾ സഹായിക്കുന്നു.
* പഠനോപകരണ നിർമ്മാണത്തിൽ അവരെ പങ്കെടുപ്പിക്കുന്നു. പ്രത്യേകം ടീച്ചിംഗ് മാന്വൽ തയ്യാറാക്കുന്നു.
* പ്രാഥമികാരോഗ്യകേന്ദ്രങ്ങളുമായി യോജിച്ച് ആവശ്യമായ മെഡിക്കൽ പരിശോധനകൾ നൽകുന്നു.

ചുമതല - SRG, HM

പിന്തുണ - BRC, IED Teachers, PHC

പ്രതിഭാപോഷണത്തിന്റെ ഭാഗമായി സമർത്ഥരായ കുട്ടികളെ കണ്ടെത്തി LSS പരീക്ഷ ലക്ഷ്യം വച്ചുകൊണ്ട് കുട്ടികൾക്ക് പ്രത്യേക ക്ലാസ്സുകൾ നൽകുന്നു.

## ഉപസംഹാരം

മേൽ പ്രസ്താവിച്ച പ്രവർത്തനങ്ങൾ അടുത്ത അധ്യയന വർഷത്തിൽ PTA, SMC ഇവയുടെ മേൽനോട്ടത്തിൽ സാമൂഹിക പങ്കാളിത്തത്തോടെ നടത്തുവാൻ തീരുമാനിച്ചു. അക്കാദമിക പ്രവർത്തനങ്ങളിലും സാമൂഹിക പങ്കാളിത്തം ഉറപ്പാക്കി. പൊതുവിദ്യാലയ സംരക്ഷണ യജ്ഞം യാഥാർത്ഥ്യമാക്കുവാൻ ഈ പ്രവർത്തനങ്ങൾ കൊണ്ട് സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.